

# കൂട്ടുവേലക്കാർ

ഫാ.സഖറിയ പനയ്ക്കാമറ്റം

ഒരു വലിയ പ്രശ്നത്തിന്റെ പരിഹാരമായിട്ടാണ് "ഞാൻ നിന്റെ വായോടും, അവന്റെ വായോടും കൂടെയിരിക്കുമെന്ന്" ദൈവം മോശയ്ക്ക് പോംവഴി ഉപദേശിക്കുന്നത്. 'മോശയും അഹറോനും' സഹോദരന്മാരും ദൈവദാസന്മാരുമായിരുന്നു. ദൈവത്തിന്റെ പ്രവാചകൻ എന്ന നിലയിൽ ജനത്തോടും, ജനത്തിന്റെ പ്രതിനിധിയായി ദൈവത്തോടും മിസ്രയീം രാജാവിനോടും തനിയ്ക്ക് സംസാരിക്കേണ്ടതായിട്ടുണ്ടായിരുന്നു. എന്നാൽ മോശ വിക്കനും, വാക്സാമർത്ഥ്യം ഇല്ലാത്തവനുമായിരുന്നു എന്നത് പ്രവർത്തനത്തിന്റെ തുടക്കത്തിലെ വലിയ പ്രതിസന്ധി തന്നെയായിരുന്നു. പ്രതിസന്ധികൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗം യഹോവ കാണിച്ചുകൊടുക്കുന്നത് വലിയ ഒരു സഹകരണത്തിന്റെ അടിസ്ഥാനത്തിലാണ്.

**മനുഷ്യർ ദൈവത്തിന്റെ കൂട്ടുവേലക്കാർ**

മനുഷ്യർ ദൈവത്തിന്റെ കൂട്ടുവേലക്കാരായും അന്യോന്യം സഹോദരന്മാരും സഹപ്രവർത്തകരുമായും ഒരുമയോടെ പ്രയാസങ്ങളിൽ നിന്നും സമസൃഷ്ടങ്ങളെ മോചിപ്പിക്കുന്നതിന് സ്നേഹത്തിന്റെയും നിസ്വാർത്ഥതയുടെയും നിയമങ്ങൾ ആണ് ദൈവനിയോഗം ഭരമേല്പ്പിച്ചിരിക്കുന്നത്.

ഈ ഭൂമിയിൽതന്നെ സ്വർഗ്ഗത്തിന്റെ സൗന്ദര്യം പ്രതിഫലിക്കുന്നുണ്ട്. സൗന്ദര്യമുള്ള പൂക്കളാൽ നിറഞ്ഞുനിൽക്കുന്ന ചെടികളും, ലതാവിതാനങ്ങളും ദൈവസാന്നിദ്ധ്യമാകുന്ന ആത്മീയ പ്രഭയിൽ എരിഞ്ഞു ശോഭിക്കുന്നു. അത് മനസ്സിലാക്കുന്നവർ മാത്രമേ കാലുകളിൽ നിന്നും ചെരുപ്പ് ഊരിക്കളയുവാൻ തയ്യാറാകുകയുള്ളൂ. മറ്റുള്ളവരാകട്ടെ ഓടിനടന്ന് ഭൂമിയിലെ ഫലങ്ങൾ ആവോളം കഴിച്ചുതീർക്കുന്നതിന് തിടുക്കം കൂട്ടുകമാത്രമേയുള്ളൂ. വെള്ളം തിളച്ചുകൊണ്ടിരിക്കുന്ന കെറ്റിലിന്റെ അടപ്പ് ഉയരുകയും, താഴുകയും ചെയ്യുന്നത് ജയിംസ്വാട്ട് കണ്ടപ്പോൾ എത്തിച്ചേർന്നത് ആവിയന്ത്രത്തിന്റെ നിർമ്മാണത്തിലാണ്. വെള്ളം തിളച്ചുകൊണ്ടിരിക്കുന്ന പാത്രത്തിന്റെ അടപ്പ് ചലനാത്മകം ആകുന്നത് എത്രയോ ലക്ഷങ്ങൾ അതിനുമുമ്പും നേരിട്ടുകണ്ടിട്ടുള്ളതാണ്. ആപ്പിൾ മരത്തിൽ നിന്നും ആപ്പിൾ താഴേക്ക് പതിച്ചപ്പോൾ ഐസക് ന്യൂട്ടൺ കണ്ടുപിടിച്ചത് ഭൂമിയുടെ ആകർഷണ ശക്തിയാണ്. വഴിയരികിൽ സന്തോഷത്തോടെ അനേകരെ സ്വാഗതം ചെയ്തശേഷം 'വാടിവീണ പൂവ്' ദർശിച്ച് മനുഷ്യായുസ്സിന്റെ ക്ഷണികതയെക്കുറിച്ച് പ്രസംഗിക്കുവാൻ നൂറുകണക്കിന് ആളുകളെ സഹായിച്ചത് മഹാകവി കുമാരനാശാൻ മാത്രമാണ്. പ്രപഞ്ചസൗന്ദര്യത്തിന്റെ ആഴവും ദർശനവും ഭക്തകവിയായ വില്യംവേർഡ്സ്വർത്തിനെപ്പോലെ ചുരുക്കം ചില ആംഗലേയ സാഹിത്യകാരന്മാരും കണ്ടറിഞ്ഞവരാണ്. സാഹചര്യങ്ങളും ഉചിതമായ നൽവരങ്ങളും തിരഞ്ഞെടുക്കപ്പെട്ട ചിലരെ ഭരമേല്പിച്ചിരിക്കുന്നത് സമൂഹത്തിന്റെ ഉന്നതിയ്ക്കും വളർച്ചയ്ക്കും വേണ്ടിയതെ.

**പ്രാർത്ഥന-കൂട്ടുവേലക്കാരുടെ ശക്തി**

മൗനം പ്രാർത്ഥനയുടെ മാതാവാണ്. നിശബ്ദമായ ഏകാന്തതയുടെ ആവശ്യവും പ്രയോജനവും കിസ്തുതന്നെ നമുക്ക് കാണിച്ചുതരുന്നുണ്ട്. സഭാചരിത്രം നോക്കുമ്പോൾ ഏകാന്തത ഇഷ്ടപ്പെട്ടു മൗനത്തിൽ കഴിഞ്ഞ പിതാക്കന്മാർ തങ്ങളുടെ രഹസ്യമായ നിരന്തര പ്രാർത്ഥനകൊണ്ട് സഭയുടെ ഭക്തിസൗധത്തെ താങ്ങിനിർത്തുന്ന തൂണുകളായി പരിണമിച്ചിട്ടുണ്ട്. സമൂഹത്തിൽ ഉന്നതനിലവാരത്തിൽ നേതൃത്വം കൊടുത്തിട്ടുള്ളവർ തങ്ങൾക്ക് ബലവും ശക്തിയും ഉണ്ടാകുവാൻ പ്രാർത്ഥിക്കണമെന്ന് മുനിശ്രേഷ്ഠന്മാരെ സന്ദർശിച്ച് അപേക്ഷിക്കുന്ന രീതി ഏവർക്കും പരിചിതമാണ്. 'നിന്റെ വിശ്വാസം ക്ഷയിക്കാതെയിരിക്കുവാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു'വെന്ന് ക്രിസ്തു പത്രോസ് ശ്ലീഹായെ അറിയിക്കുന്നു. (ലൂക്കോ:22:32). ക്രിസ്തുവിന്റെ പ്രാർത്ഥനവി.പത്രോസിന്റെ ആത്മാവിനെശക്തിപ്പെടുത്തുന്നു. വി.പത്രോസ് ശ്ലീഹാ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടപ്പോൾ സഭ അവനുവേണ്ടി തീക്ഷ്ണമായി ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. (അപ്പോ.12:5). നീതിമാന്റെ പ്രാർത്ഥനവളരെ ശക്തിയുള്ളതും ഫലദായകവും ആണെന്ന് യാക്കോബ് ശ്ലീഹാ അനുശാസിക്കുന്നു. (വി.യാക്കോബ് 5:16). വിശുദ്ധനും അനുഗ്രഹപൂർണ്ണനുമായ വി.പൗലോസ് ശ്ലീഹാ സഭകൾക്ക് ലേഖനമെഴുതുമ്പോൾ മറ്റുള്ളവരുടെ പ്രാർത്ഥനാ സഹായം ആവശ്യപ്പെടുന്നുണ്ട്. (എബ്രാ. 13:18). ഭക്തിയുള്ള ഒരു ദൈവവിശ്വാസിയെ മറ്റുള്ളവരിൽ നിന്നും

യഥാർത്ഥത്തിൽ മാറ്റിനിർത്തുന്നത് പ്രാർത്ഥിക്കുവാനുള്ള തന്റെ ശക്തിയും സാദ്ധ്യത യുമാകുന്നു. പ്രാർത്ഥനയില്ലാതെ ആർക്കുംതന്നെ പക്വത പ്രാപിച്ച മാനവനാകുവാൻ സാധ്യമല്ല.

**കൂട്ടുവേലക്കാർ - അദൃശ്യലോകവുമായി ബന്ധപ്പെടുന്നവർ**

പ്രാർത്ഥിക്കുന്ന കൂട്ടുവേലക്കാർ ദൈവവും ആയി ആത്മീയ ഐക്യം പ്രാപിക്കു വാൻ സ്വയം സന്നദ്ധമാക്കി സമർപ്പിക്കുകയാണ് ചെയ്യുന്നത്. ദൃശ്യലോകവും ആദൃശ്യ ലോകവും ആയുള്ള ബന്ധം കൂട്ടുവേലക്കാരുടെ പ്രവർത്തനങ്ങളിലൂടെ സംജാതമാകു ന്നു. ലോകത്തെ ജയിച്ച് ആദൃശ്യലോകം പ്രാപിച്ചിരിക്കുന്ന ആത്മാക്കളും, പാപത്തോടു പൊരുതി ദൃശ്യലോകത്തിലുള്ളവരും തമ്മിലുള്ള സംസർഗ്ഗം കൂട്ടുവേലക്കാരുടെയിട യിൽ ധ്യാനവിഷയമായിത്തീരുന്നു.

**കൂട്ടുവേലക്കാർ-സമൂഹത്തെ സംരക്ഷിക്കുന്ന നീതിമാന്മാർ**

'ആ പത്ത് പേരെ പ്രതി ഞാൻ സോദോം ഗോമോറായെ നശിപ്പിക്കുകയില്ല' എന്ന് ദൈവം, പിതാവായ അബ്രഹാമിന് ഉറപ്പുകൊടുത്തു. ആ പത്തുപേരാണ് ആ നഗര ത്തിന്റെ ആ കാലത്തിലെ സംരക്ഷകർ. മനുഷ്യസ്നേഹികളായ ദൈവവിശ്വാസികൾക്ക് പ്രാർത്ഥനയിലൂടെ ലഭിക്കുന്ന ശക്തിയാൽ സമൂഹത്തിന്റെ സംരക്ഷകരായി തീരുവാൻ കഴിയും. തിരമാലകളിൽപ്പെട്ട് നട്ടം തിരിയുന്ന കപ്പലുകൾക്ക് കരയ്ക്കടുക്കുവാൻ ബി. സി.279ൽ അലക്സാൻഡ്രിയായ്ക്കു സമീപമുള്ള ഫറോസ് ദ്വീപിൽ ആദ്യത്തെ ദീപ സ്തംഭം ഉയർന്നു. അകംകുഴിഞ്ഞ കണ്ണാടിയിൽ തട്ടി പ്രതിഫലിക്കുന്ന വെളിച്ചം 50 കിലോമീറ്റർ വരെ എത്തിയിരുന്നു. മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യ ണമെന്ന് ആഗ്രഹിച്ച ടോളമി രാജാവിന്റെ സന്മനസ്സിന്റെ പ്രതീകമായിരുന്നു ആ ദീപ സ്തംഭം. ലോകത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവൃത്തിയ്ക്കണമെന്ന് ആഗ്രഹിച്ചിട്ടുള്ള ചില ജീവിതങ്ങൾ. അവരുടെ യാതനയുടെ ഫലമായി ലഭിച്ച സന്തോഷം തലമുറക ളായി അനേകർ അനുഭവിയ്ക്കുന്നു

**സഹനം-കൂട്ടുവേലക്കാരുടെ അവകാശം**

നിലത്തുവീഴുന്ന ഓരോ ഗോതമ്പുമണിയുടെയും അനുഭവമാണ് നൂറുമേനി പ്രപ ഞ്ചത്തിന് നൽകുക എന്നത്. ആരുമറിയാതെ കാട്ടിൽ നിൽക്കുന്ന ഒരു മുളയുടെ തണ്ടിൽ കലാവിരുതുള്ള ഒരാൾ സഹനത്തിന്റെ ഏഴു സുഷിരങ്ങൾ ക്രമീകരിക്കുമ്പോൾ അവയിലൂടെ ബഹിർഗമിക്കുന്നത് മധുരഗീതങ്ങളാണ്. സഹനത്തിന്റെയും കഷ്ടതയു ടെയും അനുഭവങ്ങളിലൂടെ കടന്നുപോയ ജീവിതങ്ങളാണ് സാധാരണ മറ്റുള്ളവർക്കു വേണ്ടി ഹൃദയകവാടം സഹായത്തിനായി തുറന്നുകൊടുക്കുന്നത്. ഒരുവൻ ലോകത്തെ ജയിക്കുന്നത് ത്യജിക്കുമ്പോഴാണ് എന്ന് പൗരാണിക മതങ്ങൾ എല്ലാം പഠിപ്പിക്കു ന്നു.'വിശ്വാസത്തിൽ നിലനിൽക്കേണമെന്നും നാം അനേകം കഷ്ടങ്ങളിൽകൂടി ദൈവ രാജ്യത്തിലേക്ക് കടക്കേണ്ടതാകുന്നു'വെന്നുള്ളതും ആദിമ സഭയുടെ പ്രബോധനം ആയിരുന്നു. (അപ്പോ.14:22). "ദൈവം സഭയിൽ ഒന്നാമത് അപ്പോസ്തോലന്മാർ, രണ്ടാ മത് പ്രവാചകന്മാർ, മൂന്നാമത് ഗുരുക്കന്മാർ, തുടർന്ന് അത്ഭുതങ്ങൾ, പ്രവർത്തിക്കുന്ന വർ, രോഗശാന്തിയുടെ വരമുള്ളവർ, സഹായിക്കുന്നതിനായി വരമുള്ളവർ, ഭരിക്കുവാ നുള്ള വരമുള്ളവർ, വിവിധ ഭാഷാ വരമുള്ളവർ എന്നിങ്ങനെനിയമിച്ചിരിക്കുന്നു. (1 കൊരി.12:28)

**കൂട്ടുവേലക്കാരുടെ ആധുനികദൗത്യം**

ഒന്നാം സഹസ്രാബ്ദത്തിൽ സഭാ വിശ്വാസികൾ, വിശ്വാസ വിപരീതികളെ ഹിംസി ച്ചും, ക്രൂരമൃഗങ്ങൾക്ക് ഇരയാക്കിയും തീയെരിച്ചും, ക്രൂസേഡ് നടത്തിയും അനേകരെ രക്തസാക്ഷികളാക്കി. രണ്ടാം സഹസ്രാബ്ദത്തിൽ ലോകം മുഴുവനും സഭാ വിശ്വാസി കൾ പരസ്പരം അജമോഷണം നടത്തി സ്വന്തം സഭകളിൽ ചേർത്ത് അവരെ ഇരട്ടി നര കയോഗ്യന്മാരാക്കി. ഈവിധ ദൈവനിഷേധം മാറ്റി മൂന്നാം സഹസ്രാബ്ദത്തിൽ വിശ്വാ സത്താൽ മാത്രമുള്ള നീതീകരണം, നിത്യനരകം എന്നിവ പഠിപ്പിക്കുന്നത് വിട്ട് സ്നേഹ ത്താലുള്ള ദൈവീകരണംകൊണ്ട് ദൈവരാജ്യം പണിയുവാനായി ഒന്നുചേർന്ന് നാം ശ്രമിക്കേണ്ടതാണ്.

◆◆◆◆◆